**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5884** **09-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുകയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ 05.07.2024 വരെ 11,500 കോടി രൂപയുടെ കടപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾ മുൻനിർത്തിയാണ് കടപ്പത്രം പുറപ്പെടുവിച്ചിരുന്നത്; കടപ്പത്രത്തിലൂടെ സമാഹരിച്ച തുക അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയുണ്ടായോ; വിശദമാക്കുമോ; | (ബി) | വികസന/ക്ഷേമ പദ്ധതികളുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കാണ് കടപ്പത്രമടക്കമുള്ള ഉപകരണങ്ങളിലൂടെ സർക്കാർ പണം സമാഹരിക്കുന്നത്. വിപണി വായ്പയായി സർക്കാർ സമാഹരിക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്കാണ് വരവ് വയ്ക്കുന്നത്. അതുകൊണ്ട് തന്നെ ആയത് ഏതു ഇനത്തിലുള്ള ചെലവുകൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുവാൻ കഴിയുകയില്ല. |
| (സി) | മറ്റെന്തെല്ലാം നിലയിൽ എത്ര തുക 2024-25 കാലഘട്ടത്തിൽ കടം എടുത്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര തുക വീതം എന്ന് വിശദമാക്കാമോ? | (സി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം മെയ് മാസം വരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പൊതുകടം ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ള വായ്പകൾ (വെയ്സ് ആന്റ് മീൻസ് അഡ്വാൻസുകൾ ഒഴികെ) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1. വിപണി വായ്പകൾ - 6500 കോടി രൂപ.<br>2. നബാർഡിൽ നിന്നുള്ള വായ്പകൾ - 81.55 കോടി രൂപ.<br>3. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ - 1.68 കോടി രൂപ.<br>4. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും – 35.01 കോടി രൂപ. |

സെക്ഷൻ ഓഫീസർ